ശ്രീ. കെ. പി. ഗോപാലൻ: മന്ത്രി ഉപാധികളൊന്നും സ്വീകരിച്ചിട്ടില്ല. ഞാൻ ഇപ്പോൾ പറഞ്ഞ എല്ലാ കാര്യങ്ങളും അനുസരിക്കുന്നതായ ഏജൻസികളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്.

ശ്രീ എം. നാരായണക്കുറുപ്പ്: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചതായ കാര്യങ്ങൾ നിറവേറ്റുവാൻ സാധ്യമല്ലാത്ത ആളുകൾ ആയതുകൊണ്ടാണോ, ലോവസ്റ്റ് കൊട്ടേഷൻ വച്ചവർക്ക് ഏജൻസി കൊടുക്കാതിരുന്നത്.

ശ്രീ. കെ. പി. ഗോപാലൻ: സാമ്പത്തികഭദ്രത, ബാങ്ക് റഫറൻസ്, കച്ചവടത്തിലുള്ള പ്രശസ്തി, അവരുടെ പരിചയം ഇവയെ എല്ലാം പ്പറ്റി ആലോചിച്ചിട്ടുണ്ട്. ഈ പരിശോധനയുടെ അടിസ്ഥാനത്തിലാണ് അവർക്ക് ഏജൻസി കൊടുക്കാതിരുന്നിട്ടുള്ളത്.

കേബിൾ ഫാക്ടറി.

* 1329. [8] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സമയം മറുപടി നൽകുമോ:

(എ) തുപ്പുണിത്തുറയിൽ തുടങ്ങാൻ തീരുമാനിച്ചിട്ടുള്ള കേബിൾ ഫാക്ടറിക്കു ഗവണ്മെന്റ് കൊടുക്കാമെന്നു നിശ്ചയിച്ചിട്ടുള്ള 10 ലക്ഷം രൂ. കൊടുത്തു കഴിഞ്ഞുവോ;

(ബി) ടി ഫാക്ടറി തുടങ്ങുന്നതിനു ലൈസൻസു ലഭിച്ചിട്ടുള്ളവരുമായി ഇതു് എന്നു തുടങ്ങാൻ കഴിയുമെന്നു അവസാനമായി ആലോചന നടത്തിയതു് എന്നാണു്;

(സി) അതിന്റെ ഫലമെന്തെന്നു വ്യക്തമാക്കുമോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ):

(എ) ഇല്ല.

(ബി) കേബിൾ ഫാക്ടറി തുടങ്ങുന്നതിനു ലൈസൻസു് കിട്ടിയിട്ടുള്ള ടോക്കേ എൻറർപ്രൈസസ്, പ്രൈവറ്റ് ലിമിറ്റഡ് പ്രതിനിധികളും, ഗവണ്മെന്റ് പ്രതിനിധികളും ചേർന്ന ഏപ്രിൽ 13-ാംതീയതി ചർച്ച ചെയ്തതിൽ ഗവണ്മെന്റ് 10 ലക്ഷം രൂപായുടെ ഓഹരി എടുക്കാമെന്നു പറഞ്ഞിട്ടുണ്ടു്.

(സി) ആ വിവരം കമ്പനിയെ അറിയിച്ചിട്ടുണ്ടു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ പത്തുലക്ഷംരൂപാ കൊടുക്കുവാൻ എന്താണു് ഇപ്പോൾ തടസ്സം?

ശ്രീ. കെ. പി. ഗോപാലൻ: ഗവണ്മെന്റിനു തടസ്സമൊന്നുമില്ല. അവർ കൂടുതലായുണ്ടു പണം ശേഖരിക്കുവാനുള്ള മുമതല അവർക്കുണ്ടു്. 10 ലക്ഷം ഉറപ്പിക പിരിക്കുവാൻ അവരോടു പറഞ്ഞിട്ടുണ്ടു്. ആ തുക അവർ പിരിച്ചുകഴിഞ്ഞാൽ 10 ലക്ഷം രൂപാ ഗവണ്മെന്റ് കൊടുക്കുന്നതാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കേബിൾ ഫാക്ടറി സ്ഥാപിക്കുന്നതിനു ആവശ്യമായ സ്ഥലമെടുപ്പു തുടങ്ങിയോ?

ശ്രീ. കെ. പി. ഗോപാലൻ: നോട്ടീസുവേണം.

LIBRARY ARCHIVES Kerala Legislative Assembly